# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 24    23.01.2018-ന് മറുപടി നൽകേണ്ടിയിരുന്നത്

## ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. ജോൺ ഫെർണാണ്ടസ് :** | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 24.01.2017 -ൽ ചേർന്ന യോഗത്തിൽ ആംഗ്ലോ ഇന്ത്യൻ പ്രതിനിധിയായ എം.എൽ.എ -യുടെയും എം.പി -യുടെയും ഫണ്ടിൽ നിന്നും നിശ്ചിത ശതമാനം തുക സോഷ്യൽ മാപ്പിംഗിലൂടെ ആംഗ്ലോ ഇന്ത്യൻ ഗുണഭോക്താക്കളുടെ ക്ഷേമത്തിനായി ലഭ്യമാക്കണമെന്ന ശിപാർശയിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കുമോ ? | നിയമസഭാ സാമാജികരുടെ നിയോജക മണ്ഡല ആസ്തി വികസന പദ്ധതി (LAC ADS) 2017-18 സാമ്പത്തിക വർഷം മുതൽ കളക്ടറേറ്റുകളിലൂടെ നടപ്പാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളാണ് 04.07.2017 -ലെ സ.ഉ.(അച്ചടി) നം.86/2017/ധന. പ്രകാരം പുറപ്പെടുവിച്ചത്. പ്രസ്തുത ഉത്തരവനുസരിച്ച് നോമിനേറ്റഡ് എം.എൽ.എ -യ്ക്ക് സംസ്ഥാനത്തിന്റെ ഏത് ഭാഗത്തും പ്രവൃത്തികൾ ശുപാർശ ചെയ്യാം. നിയോജക മണ്ഡലങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകി സർക്കാർ ഉടമസ്ഥതയിൽ പൊതു ജനോപകാരപ്രദമായതും മൂലധന സ്വഭാവമുള്ളതുമായ ആസ്തികളുടെ സൃഷ്ടിക്കായാണ് ആസ്തി വികസന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ആസ്തി വികസന ഫണ്ട് ഏതെങ്കിലും പ്രത്യേക ജാതി/മത/സമൂഹത്തിന്റെ ക്ഷേമത്തിന് മാത്രമായി വിനിയോഗിക്കാൻ വ്യവസ്ഥയില്ല. എന്നാൽ സ.ഉ.(അച്ചടി)നം.63/2017/ധന., തീയതി 12.05.2017, സ.ഉ.(അച്ചടി)നം. 75/2017/ധന. എന്നിവ പ്രകാരം നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് എയ്ഡഡ് സ്കൂളുകളിൽ ടോയ് ലെറ്റുകളും പാചകപ്പുരയും നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയതനുസരിച്ച് ഒരു എയ്ഡഡ് സ്കൂളിൽ ടോയ് ലെറ്റും പാചകപ്പുരയും നിർമ്മിക്കുന്നതിന് ആസ്തി വികസന ഫണ്ടിൽ നിന്നും പരമാവധി 10 ലക്ഷം രൂപ അനുവദിക്കാവുന്നതാണ്. കൂടാതെ 18.08.2017 -ലെ സ.ഉ.(അച്ചടി)നം.109/2017/ധന. പ്രകാരം എയ്ഡഡ് സ്കൂളുകൾക്കായുള്ള ചലഞ്ച് ഫണ്ട് പദ്ധതിക്കായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കുവാനും ഉത്തരവായിട്ടുണ്ട്. നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് എയ്ഡഡ് വിഭാഗത്തിൽപ്പെട്ട ആംഗ്ലോ ഇന്ത്യൻ സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രസ്തുത ഉത്തരവുകൾ പ്രയോജനപ്പെട്ടതാവുന്നതാണ്. |

സെക്ഷൻ ഓഫീസർ